(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പേപ്പട്ടി വിഷബാധ തടയുന്നതിന് നടപടി

82 (838) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേപ്പട്ടി വിഷബാധ തടയുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ ;

(ബി) വീടുകളിൽ വളർത്തുന്ന നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ ;

(സി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ഡി) ഇപ്രകാരം എടുക്കുന്ന ലൈസൻസിന്റെ ഫീ എത്രയാണ് ;

(ഇ) പ്രസ്തുത ലൈസൻസ് ഫീ ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(എഫ്) അലഞ്ഞുതിരിഞ്ഞു നടക്കുന്ന തെരുവു നായ്ക്കളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ പിടിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പേപ്പട്ടി വിഷബാധ തടയുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കി വരുന്നു. കേരള വികസന പദ്ധതിയുടെ ഭാഗമായി ചില നഗരങ്ങളിൽ പേവിഷ നിർമ്മാർജ്ജന പദ്ധതിയും നടപ്പിലാക്കിവരുന്നു. കൂടാതെ വിവിധ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ആന്റിറാബിസ് വാക്സിൻ സൗജന്യ നിരക്കിൽ വളർത്തു നായ്ക്കൾക്ക് കുത്തി വയ്ക്കുകയും ലൈസൻസ് നൽകുകയും ചെയ്തുവരുന്നു.

(ബി) ഉണ്ട്. വീട്ടിൽ വളർത്തുന്ന നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാണെന്ന് 1994-ലെ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 437-ൽ നിഷ്കർഷിച്ചിട്ടുണ്ട്.

(സി) വീട്ടിൽ വളർത്തുന്ന നായ്ക്കൾക്ക് ലൈസൻസ് നല്കുകയും പേവിഷ ബാധക്കെതിരായി ആന്റി റാബിസ് വാക്സിൻ കുത്തിവയ്ക്കുകയും ചെയ്യുന്നുണ്ട്. ഇതിന് നഗരസഭകൾ നിശ്ചിത ഫീസ് ഈടാക്കിവരുന്നു.

(ഡി) അതാത് നഗരസഭയുടെ കൗൺസിൽ തീരുമാനപ്രകാരമാണ് ഫീസ് ഈടാക്കുന്നത്. പഞ്ചായത്തുകൾ ഓരോ നായ്ക്കും 10 രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഫീസ് ഉയർത്തുന്ന കാര്യം അതാത് കൗൺസിലുകളാണ് തീരുമാനിക്കേണ്ടത്.

(എഫ്) അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ പിടിച്ചുകൊല്ലുന്ന പരിപാടി നിർത്തി വച്ചിരിക്കുകയാണ്. എന്നാൽ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം അനുസരിച്ചുള്ള നടപടികൾ ഇപ്പോഴും നടന്നുവരുന്നു.

ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം

83 (839) ശ്രീമതി മാലേത്ത് സരളാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ നല്കുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാനും അവയിൽ മായം ചേർത്തിട്ടുണ്ടോ എന്ന് കണ്ടു പിടിക്കാനുമുള്ള എന്തു സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഈ വിഷയം സംബന്ധിച്ച് എത്ര ക്രമക്കേടുകൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1954-ലെ കേന്ദ്ര ഭക്ഷ്യ മായംചേർക്കൽ നിരോധന നിയമവും ചട്ടവും അനുശാസിക്കുംപ്രകാരം സംസ്ഥാനത്ത് ഫുഡ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. ഫുഡ് ഇൻസ്പെക്ടറൻമാർ നിയമാനുസരണം ശേഖരിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ സാമ്പിൾ അതാത് പ്രദേശത്ത് പബ്ലിക് അനലിസ്റ്റ് പരിശോധിക്കുന്നു. പരിശോധനയിൽ മായംകലർന്നതാണെന്ന് തെളിയുന്ന പക്ഷം കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിച്ചുവരുന്നു. അതോടൊപ്പം പൊതുജനങ്ങളെയും വ്യാപാരികളെയും ബോധവൽക്കരിക്കുന്നതിന് വേണ്ട നടപടിയും സ്വീകരിച്ചുവരുന്നു.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഹോട്ടലുകളിൽ നിന്ന് പരിശോധനയ്ക്ക് എടുത്ത 66 സാമ്പിളുകളിൽ 4 എണ്ണം മായംകലർന്നതായി കാണുകയും കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

റാന്നി പഴവങ്ങാടി പഞ്ചായത്തുവക ഇടമണ്ണിലുള്ള സ്ഥലം വായനശാലയ്ക്ക് വിട്ടുകൊടുക്കുന്നതിന് നടപടി

***84 (841)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി പഴവങ്ങാടി പഞ്ചായത്തുവക ഇടമണ്ണിലുള്ള സ്ഥലം അവിടെയുള്ള വായനശാലക്ക് വിട്ടുകൊടുക്കണമെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ പ്രമേയം സ്ഥലം എം.എൽ.എ.യുടെ കത്തോടെ അനുമതിക്കായി എന്നാണ് സമർപ്പിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly